

എല്ലാ മാസത്തെയും ഒന്നാം തീയതി ഈശോ ആനിലൂടെ തന്റെ ശുശ്രൂഷയെക്കുറിച്ചുള്ള ദൗത്യത്തിന് ഒരു പുതിയ സന്ദേശം നല്കുന്നു.

ഫെബ്രുവരി 1, 2012

ഈശോ

പ്രിയ അപ്പസ്തോലരെ, നിങ്ങളുടെ വിശ്വാസം നിങ്ങളെ സൗന്ദര്യമുള്ളവരാക്കുന്നു. സ്വർഗത്തിൽ നിന്നും നിങ്ങൾ കൃപകൾ സ്വീകരിക്കുന്നത് ഞാൻ നോക്കികാണുന്നു. നിങ്ങളുടെ ഹൃദയം അല്പാൽപ്പമായി രൂപാന്തരപ്പെടുകയും എന്നോടുള്ള നിങ്ങളുടെ ശുശ്രൂഷ വിശുദ്ധീകരിക്കപ്പെടുകയും, സ്വതാൽപര്യത്താൽ അത് കളങ്കമില്ലാതാകുകയും ചെയ്യുന്നു. നിങ്ങളുടെ ജീവിതം പലരീതിയിലും മാറ്റത്തിന് വിധേയമാകുന്നു. ഒരുപക്ഷേ, വേറൊന്നിനു വേണ്ടി ഒരു ശുശ്രൂഷ വിട്ടുകളയുകയും, അല്ലെങ്കിൽ വളരെ കാലമായി ചെയ്യണമെന്ന് കരുതിയിരുന്ന ഒരു ദൗത്യം പൂർത്തീകരിക്കുകയും ചെയ്യുകയായിരിക്കാം. ഒരുപക്ഷേ, സഹനമെന്ന ഒരു വലിയ കുരിശിന് കീഴടങ്ങുകയും, അതിൽനിന്നും മോചനം പ്രാപിച്ച്, കൂടുതൽ അനായാസമായി മറ്റ് വിധത്തിൽ ശുശ്രൂഷ ചെയ്യുകയുമായിരിക്കാം. എന്നാൽ, പ്രിയ അപ്പസ്തോലരെ, അടുത്ത സ്വർഗീയ ദൗത്യത്തിനായി നിങ്ങൾ കാത്തിരിക്കുകയും അത് ഏറ്റെടുക്കുവാൻ ആകാംക്ഷാഭരിതരായിരിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ ഓരോ ദിവസവും നിങ്ങളുടെ ജോലി നിങ്ങൾക്ക് സാധിക്കുന്നതിന്റെ പരമാവധി വിശ്വസ്തതയോടെ ചെയ്യുന്നുണ്ടായിരിക്കാം. അതുമല്ലെങ്കിൽ, നിങ്ങൾ വിശ്വസിക്കുകയും, ആ വിശ്വാസത്തിൽ ജീവിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇത് ചെയ്യുന്നതുവഴി നിങ്ങൾ എനിക്ക് മനോഹാരിതയുള്ളവരാകുന്നു. അതെ, എന്നോടുള്ള വിശ്വസ്തത ലോകത്തെ സമാശ്വസിപ്പിക്കുന്നു. വരാനിരിക്കുന്ന ജീവിതത്തിലേക്ക് മറ്റുള്ളവരുടെ ദൃഷ്ടി തിരിക്കുന്നതിന് സഹായകമായ ഒരു ചൂണ്ടുപലകപോലെയാണ് നിങ്ങൾ സമാഹരിക്കുന്ന ചെറിയ വിശ്വസ്ഥതയുടെ പ്രവൃത്തികൾ. മറ്റുള്ളവർ നിങ്ങളെ നോക്കുകയും എല്ലാവരും ഈ ജീവിതത്തിനുവേണ്ടിയല്ല നിലകൊള്ളുന്നതെന്ന് മനസിലാക്കുകയും ചെയ്യുന്നു. നിത്യജീവിതത്തേക്കുറിച്ച് നിങ്ങൾ അജ്ഞരാണെങ്കിൽകൂടി, നിത്യജീവനേപ്പറ്റി പ്രത്യേശ നിലനിൽക്കുന്നുവെന്ന് അവർ മനസിലാക്കുന്നു. എന്റെ സ്നേഹിതരെ, എല്ലാ പ്രത്യാശയും നഷ്ടപ്പെട്ടു എന്ന് തോന്നുമ്പോൾ ഒരു നിമിഷനേരത്തേക്കുള്ള ഒരുവന്റെ ആ പ്രത്യാശയുടെ മൂല്യം  നിങ്ങൾക്ക് മനസിലാവില്ല. പാവം മനുഷ്യപ്രകൃതി. പിതാവിനോടുള്ള നമ്മുടെ പ്രതിജ്ഞാബദ്ധമായ ശുശ്രൂഷവഴി നാം ലോകത്തിൽ പ്രത്യാശ നിറയ്ക്കണം. നിങ്ങളുടെ പ്രത്യാശ വെല്ലുവിളിക്കപ്പെട്ടതായി കാണുന്നെങ്കിൽ തീർച്ചയായും നിങ്ങളുടെ വേദനയുടെ ഉറവിടം എന്നോട് പങ്കുവയ്ക്കണം. നിങ്ങളുടെ ഹൃദയത്തിന്റെ നിശബ്ദതയിൽ എന്റെ അരികിലേക്ക് വരിക, ഞാൻ നിങ്ങളുടെ വിഷമങ്ങൾ ശ്രവിക്കാം. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. സ്വർഗ്ഗത്തിന് എത്ര ദാരുണമായ ക്ഷതങ്ങളും എത്ര ക്രൂരമായ സഹനങ്ങളും സുഖപ്പെടുത്തുവാൻ സാധിക്കും എന്ന് ഞാൻ കാണിച്ചുതരും. ഞാൻ നിങ്ങളെ വീണ്ടെടുക്കും. ദയവായി എന്നെ വിശ്വസിക്കൂ. മറ്റുള്ളവർക്ക് ആവശ്യമായ പ്രത്യാശ നിങ്ങൾ സ്വന്തമാക്കണമെന്നത് മനുഷ്യകുലത്തിന്റെ മുഴുവനും അഭിലാഷമാണ്. അതെ, നിങ്ങൾ മനോഹാരിതയുള്ളവരാണ്, പ്രിയ അപ്പസ്തോലരെ. നിങ്ങൾ മനോഹാരിതയുള്ളവരാണ്.

**നമ്മുടെ കാലത്തിനുള്ള മാർഗദർശനം**

**അത്മായ അപ്പസ്തോലയായ ആനിന് നൽകപ്പെട്ടത്.**


കൂടുതൽ വിവരങ്ങൾക്ക്:
www.directionforourtimes.com

Dr. Sunny George
Mob : 940 076 4696
E-mail : geosunny@gmail.com